## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1669 31.01.2018-ൽ മറുപടിയ്ക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ. സണ്ണി ജോസഫ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 13-ാം പദ്ധതി നവകേരളത്തിനായി ജനകീയാസൂത്രണ പദ്ധതിയായി ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നോ; വിശദാംശം നൽകുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 13-ാം പദ്ധതി നവകേരളത്തിനായുള്ള ജനകീയാസൂത്രണ പദ്ധതിയായാണ് തീരുമാനിച്ചിട്ടുള്ളത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 13-ാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തിരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി ലൈഫ് മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം മിഷൻ എന്നീ വികസന മിഷനുകളാണ് നവകേരളം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. |
| (ബി) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഷിക പദ്ധതി | (ബി) | രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തയ്യാറാക്കുന്നതിനായി ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നോ; | | |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും, ജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഇവയുടെ പ്രവർത്തനം സഹായകമായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുകയും ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ സഹായിക്കുകയും ചെയ്യുക എന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ വളരെ ഫലവത്തായി നിർവ്വഹിച്ചിട്ടുള്ളതാണ്. |
| (ഡി) | കടുത്ത സാമ്പത്തിക പ്രതിസന്ധി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പിനെയും പ്രവർത്തനങ്ങളെയും ബാധിച്ചുവെന്നു കരുതുന്നുണ്ടോ; | (ഡി) | ഇല്ല. പദ്ധതി നിർവ്വഹണം നേരത്തെതന്നെ തുടങ്ങിയതിനാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് പദ്ധതി തുക വിനിയോഗം 2017-18 ൽ മെച്ചപ്പെട്ട നിലയിലാണ്. |
| (ഇ) | ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ പദ്ധതി തുക വിനിയോഗത്തിൽ ഇതുവരെ കൈവരിച്ച നേട്ടം എത്രയാണ്? | (ഇ) | ജില്ലാപഞ്ചായത്തുകൾ 17117.16 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തുകൾ 136521..03 ലക്ഷം രൂപയും ബ്ലോക്കുപഞ്ചായത്തുകൾ 34309.75 ലക്ഷം രൂപയും (43.29 %) ഇതുവരെ പദ്ധതി ചെലവ് കൈവരിച്ചിട്ടുണ്ട്.മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ജില്ലാപഞ്ചായത്തുകൾ 14007.91 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തുകൾ 47330.39 ലക്ഷം രൂപയും പദ്ധതി ചെലവിനത്തിൽ വിനിയോഗിച്ചിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ കോർപ്പറേഷനുകൾ 32.21 % വും മുനിസിപ്പാലിറ്റികൾ 41.19 % വും ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ